**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഏപ്രിൽ 26

# വാർത്താക്കുറിപ്പ്

---

മാറ്റിവച്ച പരീക്ഷ മെയ് 5 നും 9നും

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഏപ്രിൽ 20ന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച ആറാം സെമെസ്റ്റർ യു ജി, സി ബി സി എസ് (2019 അഡ്മിഷൻ റെഗുലർ, പ്രൈവറ്റ്/ 2017, 2018 അഡ്മിഷൻ - റീ അപ്പിയറൻസ്), ആറാം സെമസ്റ്റർ സി.ബി.സി എസ് സൈബർ ഫോറൻസിക് -2019 (അഡ്മിഷൻ റഗുലർ) യു.ജി പരീക്ഷകൾ മെയ് 5 ന് നടക്കും.
ഏപ്രിൽ 21ന് നടത്താൻ നിശ്ചയിച്ച് പിന്നീട് മാറ്റി വച്ച മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്, യു ജി - പുതിയ സ്കീം (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ - ഇംപ്രൂവ്മെൻ/ റീ അപ്പിയറൻസ്, 2018, 2017 അഡ്മിഷൻസ് - റീയപ്പിയറൻസ്) മൂന്നാം സെമസ്റ്റർ സൈബർ ഫോറൻസിക് യു.ജി.(സി ബി സി എസ് 2020 അഡ്മിഷൻ റഗുലർ/2019 അഡ്മിഷൻ ഇംപ്രൂവ്മെൻ്റ് / റീ അപ്പിയറൻസ് ) മൂന്നാം സെമസ്റ്റർ ബി.എ/ബി കോം ( സി ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ -പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾ മെയ് ഒൻപതിന് നടക്കും.

(പി.ആർ.ഒ./39/492/2022)

**പരിശീലനം**

മഹാത്മാഗാന്ധി സർവ്വകലാശാല - എംപ്ലോയ്മെൻ്റ് ഇൻഫർമേഷൻ ആൻ്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മാനവിക വിഷയങ്ങൾക്കായുള്ള യു ജി സി നെറ്റ് / ജെ ആർ എ ഫ് പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മെയ് ആദ്യവാരം ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 0481-2731025

(പി.ആർ.ഒ./39/493/20

**അംബേദ്കർ അനുസ്മരണം**

ഭരണഘടനാ ശില്പിയും നിയമജ്ഞനും സാമൂഹ്യ പരിഷ്കർത്താവും സ്വതന്ത്ര ഇന്ത്യയിലെ ആദ്യ നിയമ മന്ത്രിയുമായിരുന്ന ഡോ. ബി.ആർ അംബേദ്കറെ അനുസ്മരിച്ച് കൊണ്ടുള്ള പ്രത്യേക പരിപാടിക്കും ഇതോടനുബന്ധിച്ചുള്ള ദ്വിദിന സെമിനാറിനും ഇന്ന് (ഏപ്രിൽ 27 ) രാവിലെ 10.30 ന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുടക്കമാകും.
സ്കൂൾ ഓഫ് ഗാന്ധിയൻ തൊട്ട് ആൻ്റ് ഡവലപ്പ്മെൻ്റ് സ്റ്റഡീസ് - സെമിനാർ ഹാളിൽ പ്രോ വൈസ് - ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദ കുമാറിൻ്റെ അധ്യക്ഷതയിൽ നടക്കുന്ന ചടങ്ങിൽ വൈസ് - ചാൻസലർ പ്രൊഫ. സാബു തോമസ് പരിപാടി ഉദ്ഘാടനം ചെയ്യും. " ഇന്ത്യൻ ഭരണഘടനയും അംബേദ്കർ ദർശനങ്ങളും " എന്ന വിഷയത്തെ അധികരിച്ച് ഡോ.സുനിൽ പി. ഇളയിടം അനുസ്മരണ പ്രഭാഷണം നടത്തും. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റെജി സക്കറിയ, ഡോ. കെ.എം. സുധാകരൻ, ഡോ. ഷാജിലാ ബീവി, രജിസ്ട്രാർ ഡോ. പ്രകാശ് കുമാർ ബി., ജോയിൻ്റ് രജിസ്ട്രാർ പി.കെ. സജീവ്, എസ്. സി / എസ്.ടി. എംപ്ലോയിസ് ഫോറം ചെയർമാൻ ഡോ. ടി.വി. സുരേഷ് കുമാർ എന്നിവർ പങ്കെടുക്കും. ഡോ. രേഖാരാജ് മോഡറേറ്ററായിരിക്കും.

നാളെ ( ഏപ്രിൽ 28 ) രാവിലെ 10.30 ന് നടക്കുന്ന "ദളിത് പഠനങ്ങളിലെ നവധാരകൾ " എന്ന വിഷയത്തെ ആസ്പദമാക്കി നടത്തുന്ന യുവ ദളിത് ഗവേഷകരുടെയും ചിന്തകരുടെയും വൈജ്ഞാനിക സദസ്സിൽ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ നിന്നുള്ള ഡോ. വിനിൽ പോൾ, സ്വിറ്റ്സർലൻ്റിൽ നിന്നുള്ള ഗവേഷകൻ ഡോ.അരുൺ അശോകൻ, ഹൈദ്രാബാദ് സെൻട്രൽ സർവ്വകലാശാലയിൽ നിന്നുള്ള ഡോ. സിമി കൊറോട്ട് തുടങ്ങിയവർ സംസാരിക്കും. ഡോ. രാജേഷ് കോമത്ത് മോഡറേറ്ററായിരിക്കും. വൈകിട്ട് നാലിന് നാടൻപാട്ടും ഉണ്ടായിരിക്കും.

(പി.ആർ.ഒ./39/493/20)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ